"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള തീരദേശ പരിപാലന അതോറിറ്റി - 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതം - ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.57/2024/ENVT തീയതി,തിരുവനന്തപുരം, 30-07-2024

---

പരാമർശം:- 1. സ.ഉ.(കൈ) നം. 2/2024/പരി തീയതി 24.05.2024.

2. കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 21.06.2024 തീയതിയിലെ 2780/എ1/2023/KCZMA നം. കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 106 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡുവായി 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ) അടിയന്തിരമായി അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് അനുവദനീയമായ ബഡ്ജറ്റ് വിഹിതമായ 106 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ) ആദ്യ ഗഡുവായി ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ല.
- 29.08.2009 ലെ സർക്കുലർ നം. 75/09/ധനത്തിലെയും, 09.12.2008-ലെ സർക്കുലർ നം. 84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
- അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020 ലെ സ.ഉ. (കൈ) നം. 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.
- വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയക്കേണ്ടതാണ്.
- അതോറിറ്റിയുടെ ചെലവുകൾ ഭരണാനുമതി ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങൾ അനുസരിച്ച് മാത്രമേ ചെലവഴിക്കുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൽ.റ്റി.സന്തോഷ് കുമാർ

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്.
2. മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോറിറ്റി.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള.
4. ധന വകുപ്പ്(2836432/Exp-B3/184/2024-Fin dated 26.07.2024)
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്(പ്രസിദ്ധീകരണത്തിനായി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി(ENVT-A1/125/2024-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Dhanya Sadasivan
Date: 30-07-2024 14:02:21
സെക്ഷൻ ഓഫീസർ